# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ വളരെ അധികം കഥകൾ പറയാൻ ആഗ്രഹിച്ചെങ്കിലും അത് എഴുതാൻ തക്കവിധം എന്റെ കൈക്ക് സുഖമില്ലാതെ ആയിരുന്നു. കമ്പ്യൂട്ടറിന്റെ എലിയെ പിടിക്കാൻ വയ്യാത്ത അവസ്ഥയിലായിരുന്നു.

## അബദ്ധങ്ങൾ

നമ്മുടെ കൊച്ചു കേരളത്തിൽ നടന്ന ഒരു സംഭവമാണിത്. മേരിക്കൊച്ചും വറീതും അമേരിക്കയിൽ നിന്നും മടങ്ങി വന്ന് ആ നല്ല ഗ്രാമത്തിൽ താമസം തുടങ്ങിയതാണ്. രണ്ടു പേരും റിട്ടയർഡായി മടങ്ങി കേരളത്തിൽ വന്ന് താമസിക്കുകയാണ്. ആകെ കൂടെയുണ്ടായിരുന്ന മകൾ ഒരു ദിവസം ഒരു സായ്പിന്റെ കൂടെ ഒളിച്ചോടി. പെണ്ണിന് പ്രായമായപ്പോഴേ അപ്പന് വിവരങ്ങളറിയാമായിരുന്നു. ഒന്നും അറിയാൻ വയ്യാത്തവനെ പോലെ പൊട്ടൻ കളിച്ചു. കാശില്ലാത്തിടത്ത് അത്രയും ചെലവ് കുറഞ്ഞു കിട്ടിയാൽ അത്രയും നല്ലതെന്ന് അപ്പൻ വറീത് കരുതി. പ്രതീക്ഷിച്ചതു തന്നെ അവസാനം സംഭവിച്ചു. അമ്മ മേരിക്കൊച്ചിന് സായ്പിനെ മരുമകനായി കിട്ടിയതിൽ സന്തോഷമേ ഉണ്ടായിരുന്നു. അവർ രണ്ടു പേരും കൂടെ വിവാഹം രജിസ്റ്റേഡ് ചെയ്തു. എന്തുമാത്രം കാശു ലാഭിച്ചു. പെണ്ണ് പ്രായമായി വലുതായി വരുമ്പോൾ മുതൽ വറീതിന് ഉള്ളിൽ ആധി ആയിരുന്നു. ദൈവം എല്ലാത്തിനും ഒരു പോം വഴി കാണിച്ചു തരുമെന്നയാൾക്ക് നല്ല വിശ്വാസം ഉണ്ടായിരുന്നു. പള്ളിക്കാർക്കും പരിചയക്കാർക്കും ഒന്നും ചോദിക്കാനും പറയാനുമില്ലായിരുന്നു. അവരുടെ വികാരിയച്ചന്റെ മൂന്നു പെൺമക്കളും ഇങ്ങിനെതന്നെ കൺമുന്നിൽ കാണിച്ചു കഴിഞ്ഞതാണ്. അപ്പോൾ ആർക്കും ആക്ഷേപമില്ലാതായപ്പോൾ പള്ളിയിലെ യുവതലമുറകൾക്ക് അത് ഒരനുഗ്രഹമായി. അതിനു ശേഷം ആ പള്ളിയിലെ തന്നെ പല ചെറുപ്പക്കാരും അങ്ങിനെ തന്നെ ചെയ്തു. വികാരിയച്ചൻ അവരെയെല്ലാം പള്ളിയിൽ വിളിച്ചു വരുത്തി മെമ്പർഷിപ്പു ഫാം പൂരിപ്പിച്ച് മെമ്പറന്മാരാക്കി; പള്ളിക്ക് വരുമാനം വർദ്ധിപ്പിച്ചു. അച്ചൻ മിടുക്കനെന്ന് ഇടവക ജനങ്ങൾ പ്രകീർത്തിച്ചു. പള്ളിയിൽ പുതുതായി വന്ന സായ്പന്മാരെല്ലാം നല്ല അച്ചനെന്ന് പ്രകീർത്തിച്ചു. ഒരു ഇടവകയുടെ ഭാവി തലമുറ മുഴുവനും നഷ്ടപ്പെട്ടു പോകുനെന്നോർത്ത് പഴമക്കാർ പ്രലപിച്ചു.

വറീതിന്റെ മകളും മരുമകനും പള്ളിയിലെ മെമ്പറും ആയി ആരാധന ഉള്ളപ്പോൾ എല്ലാം അവർ പള്ളിയിൽ വന്നു. വർഷം ഒന്നാകുന്നതിനു മുമ്പ് തന്നെ അവർക്ക് ഒരു പെൺകുഞ്ഞുണ്ടായി. കണ്ടാൽ ഒരു മാലാഖാ കുഞ്ഞിനെ പോലെ പൂച്ച കണ്ണുള്ള ഒരു കുഞ്ഞ്. അങ്ങിനെ വറീതും മേരിക്കൊച്ചും വല്ലപ്പനും വല്ല്യമ്മച്ചിയും ആയി. വർഷങ്ങൾ ഓരോന്നു കഴിയുന്തോറും മാലാഖ കുഞ്ഞുങ്ങൾ വന്നു കൊണ്ടേയിരുന്നു. നാലായപ്പോൾ ആ പരിപാടി പരിപൂർണ്ണം നിർത്തി. പിന്നേയും വർഷങ്ങൾ പലതും കഴിഞ്ഞു. വറീതും മേരിക്കൊച്ചും ഏകദേശം ഒന്നിച്ച് റിട്ടയാഡ് ആയി. അവർ ജോലി ചെയ്തിരുന്ന കമ്പിനി അടച്ചു പൂട്ടി. ദൈവാധീനം കൊണ്ട് രണ്ടു പേർക്കും സോഷ്യൽ സെക്യൂരിറ്റി കിട്ടും. അല്ലാതെ യാതൊരു വരുമാനവും ഇല്ല. ആ ചെറിയ തുക കൊണ്ട് എല്ലാ ചിലവുകളും നടത്തി പോകാൻ, അതും അമേരിക്കയിൽ, വളരെ പ്രയാസമായി തോന്നി. പിന്നെ ഒറ്റ മാർഗ്ഗം; ഉള്ളതെല്ലാം വിറ്റു പെറുക്കി നാട്ടിൽ പോയാൽ നല്ല ഒരു വീടും വെച്ച് സുഖമായി ജീവിക്കാമെന്നായി. സാധാരണ ലോകത്തിന്റെ നാനാ ഭാഗങ്ങളിലുള്ള വൃദ്ധരും രോഗികളും അമേരിക്കയിൽ വന്ന് നല്ല മെടിക്കൽ ശുശ്രൂഷകളും കിട്ടി സുഖമായി ജീവിക്കുമ്പോൾ ഇവർ നാട്ടിലേക്ക് പോകുന്നത് ഒരു വലിയ അബദ്ധമായി മാത്രമേ അറിവും വിദ്യാഭ്യാസവും ഉള്ളവർ മനസ്സിലാക്കുകയുള്ളു. ഇപ്പോൾ കിട്ടുന്ന വരുമാനം കൊണ്ട് ജീവിക്കുവാൻ പ്രയാസമാണെങ്കിൽ വേറെ എവിടെയെങ്കിലും ജോലി ചെയ്താൽ കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനം കൂടെ ആകുമ്പോൾ സുഖമായി ജീവിക്കാൻ സാധിക്കും. അതല്ല അവർക്കിനിയും ജോലി ചെയ്യാൻ വയ്യെങ്കിൽ സർക്കാറിനെ അറിയിച്ചാൽ അവർ ഫുഡ്സ്റ്റാമ്പും മറ്റെല്ലാ സഹായങ്ങളും ചെയ്തു കൊടുക്കും. ഈ നല്ല കാര്യങ്ങൾ പറഞ്ഞു കൊടുക്കാൻ പറ്റിയ സുഹൃത്തുക്കൾ ആരും അവർക്കില്ലാതെ പോയി.

അവർ നാട്ടിലെ നല്ല ഒരു ഗ്രാമപ്രദേശത്ത് വന്ന് അയാളുടെ കുടുംബസ്വത്തായി കിട്ടിയ പുരയിടത്തിൽ നല്ല ഒരു ബംഗ്ലാവും പണിത് സുഖമായി കഴിഞ്ഞു. അമേരിക്കയിൽ നിന്ന് വിറ്റുപെറുക്കികൊണ്ടു വന്ന പണമെല്ലാം ഉപയോഗിച്ചായിരുന്നു ഇത്രയും കാര്യങ്ങൾ ചെയ്തത്. പിന്നെ മാസാമാസം കിട്ടുന്ന സോഷ്യൽ സെക്യൂരിറ്റി പണം കൊണ്ട് അവർക്ക് ആർഭാടമായി കഴിയാം. അമേരിക്കയിലെ പോലെ വളരെയധികം കരങ്ങളൊന്നുമില്ല. ജീവിതം പരമ സുഖം. വറീത് ആ പള്ളിയിലെ കാരണവർ സ്ഥാനത്ത് എല്ലാവർക്കും മാതൃകാ പരമായി ജീവിച്ചു. അപ്പോഴാണല്ലോ, വേദപുസ്തകത്തിൽ ഇയ്യോബിനെ സാത്താൻ പരീക്ഷിച്ച പോലെ, അവരേയും സാത്താൻ പരീക്ഷിക്കാൻ കൂടി.

വറീതിന് ഒരു ബലഹീന വശമുണ്ട്; എല്ലാ ദിവസവും കാമസമ്പൂർത്തി വേണം. പണ്ടേ മേരിക്കൊച്ചിന് അതിൽ അത്ര താല്പര്യമില്ല. പണ്ടേ ദുർബല പിന്നെ ഗർഭിണി എന്ന പോലെ മേരിക്കൊച്ചിന് വയസ്സും പ്രായവും ആയപ്പോൾ ഇക്കാര്യത്തിൽ ദേഷ്യം കൂടെ ആയി. പല ദിവസങ്ങൾ ഏറും ചവിട്ടുമായപ്പോൾ, പള്ളീലെ മാതൃകാ പുരുഷൻ കള്ളുകുടിയനായി മാറുകയായി. പിന്നെ, പിന്നെ പള്ളിയിൽ ഒട്ടും പോകാതായി. എല്ലാ ദിവസവും കുടുംബ പ്രാർത്ഥന ഉണ്ടായിരുന്നതെല്ലാം പരിപൂർണ്ണം നിന്നു. മേരിക്കൊച്ചിന് ആകെ പരിഭ്രാന്തി. നല്ല ഒരു മനുഷ്യൻ, എല്ലാവർക്കും മാതൃകാ പുരുഷൻ എങ്ങിനെ ഇങ്ങിനെ ആയി. ആരാണ് കൂടോത്രം ചെയ്തതാണ്. ഈ നശിച്ച നാട്ടിലേക്ക് വരേണ്ടതില്ലാരുന്നു. പക്ഷേ, കാര്യങ്ങൾ അവിടെ കൊണ്ട് തീർന്നില്ല. വറീതിനെ പലപ്പോഴായി വീട്ടിൽ കാണാതായി. പിന്നെ പരിപൂർണ്ണം വീട്ടിൽ വരാതായി. അന്വേഷിച്ചപ്പോളാണ് അറിയുന്നത്, അവിടെയുള്ള കല്ല്യാണി വേശ്യയുടെ വീട്ടിലാണ് അയാളിപ്പോൾ സ്ഥിരം താമസ. അവൾ കൂടോത്രം കൊടുത്ത് അങ്ങേരേ തട്ടിക്കൊണ്ടു പോയാതാണ്.

അവസാനം കേസ് പള്ളീലച്ചന്റെ അടുക്കൽ എത്തി. മേരിക്കൊച്ച് കാര്യങ്ങൾ എല്ലാം, ഒട്ടും മറയ്ക്കാതെ ഒരു കുമ്പസാരം പോലെ പറഞ്ഞു. കാര്യങ്ങൾ മുഴുവനും കേട്ടു കഴിഞ്ഞപ്പോൾ അച്ചന് കാര്യം പിടികിട്ടി. മേരിക്കൊച്ചിന്, അയാളുടെ കാമ സമ്പൂർത്തിക്ക് ഇനിയും പറ്റില്ല. അയാളുടെ ഭാഷ്യം: ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ആണും പെണ്ണുമായി സൃഷ്ടിച്ചത് സ്ത്രീയെ സംരക്ഷിക്കാൻ വേണ്ടി പുരുഷനും, പുരുഷനെ സന്തോഷിപ്പിക്കാൻ വേണ്ടി സ്ത്രീയേയും സൃഷ്ടിച്ചു എന്നാണ്. ആയിരം വയസായാലും പുരുഷന്റെ കാമത്തിന് അറുതി വരികയില്ല. പുരുഷന്റെ കാമത്തിന് ശമനം കൊടുക്കാതിരുന്നാൽ, ഹൃദയസ്തംബനം ഉണ്ടായി പെട്ടന്നവൻ മരിക്കും.

പരസ്പര സ്നേഹവും ബഹുമാനവുമില്ലാതെ ജീവിതകാലം മുഴുവനും ഒന്നിച്ചു കഴിയാൻ പ്രയാസമായിരിക്കും. എനിക്കൊന്നു മറിയത്തില്ലന്ന് ഒരു സ്ത്രീയും ഒരിക്കലും പറയരുത്.